# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5507 28.07.2015-ൽ മറുപടിയ്ക്ക്

## വേറ്റിനാട് - പന്തലക്കോട് റോഡിന്റെ ശോചനീയാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | നെടുമങ്ങാട് താലൂക്കിൽപ്പെട്ട വേറ്റിനാട് പഞ്ചായത്തിലെ വേറ്റിനാട് ജംഗ്ഷനിൽ നിന്നും ദേവിനഗർ വഴി പന്തലക്കോട് പോകുന്ന റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പ്രസ്തുത റോഡിന്റെ ആകെ നീളമായ 1300 മീറ്ററിൽ 600 മീറ്റർ ഗ്രാവൽ റോഡായി നിലവിലുള്ളതും 260 മീറ്റർ ആദ്യ മെറ്റലിംഗ് കഴിഞ്ഞതും ശേഷിക്കുന്ന 440 മീറ്റർ ടാർ ചെയ്തിട്ടുള്ളതുമാണ്. ടാർ ചെയ്ത ഭാഗത്തിൽ 20% ത്തോളം പൊളിഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ ടാറിങ്ങിനായി തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | അനുവദിച്ചിട്ടുണ്ട്. ആദ്യ മെറ്റലിംഗ് കഴിഞ്ഞ് കിടക്കുന്ന ഭാഗത്ത് 260 മീറ്റർ നീളത്തിൽ രണ്ടാം മെറ്റലിംഗിനും ടാറിങ്ങിനുമായി 2015-16 സാമ്പത്തിക വർഷത്തിൽ 5,86,000/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 260 മീറ്റർ നീളത്തിൽ രണ്ടാം മെറ്റലിംഗിനും ടാറിങ്ങിനുമായി 2015-16 സാമ്പത്തിക വർഷത്തിൽ 5,86,000/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) 96/15 നമ്പർ പ്രോജക്ട് പ്രകാരം വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ